(ഡി) അഞ്ചു പേർ.

(ഇ) എല്ലാ പ്രതികളേയും അറസ്റ്റു ചെയ്തു.

(എഫ്)ഉദിക്കുന്നില്ല.

(ജി) ഐ.പി.സി. സെക്ഷൻ 143, 147, 148, 149, 451, 324, 307 വകുപ്പുകൾ പ്രകാരം.

(എച്ച്) സംഭവസ്ഥലത്ത് പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

**92 (110) അഫ്സലിനെ ആക്രമിച്ച സംഭവം**

ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ :

(എ) ആലപ്പുഴയിലെ പുന്നപ്ര സെന്റ് ജോസഫ് ഹൈസ്കൂളിലെ വിദ്യാർത്ഥി അഫ്സലിനെ ആക്രമിച്ച് കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തോടനുബന്ധിച്ചുള്ള കേസ്സിലെ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആക്രമിക്കപ്പെട്ട അഫ്സലിന്റെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സർക്കാർ എന്ത് സഹായധനം നല്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിർദ്ധനനായ അഫ്സലിന്റെ ചികിത്സയ്ക്കും വിദ്യാഭ്യാസ ചെലവിനുമായി സർക്കാർ ധനസഹായം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ എം.എൽ.എ. നല്കിയ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഇ) അഫ്സലിന്റെ ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി സാമ്പത്തികസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഈ സംഭവത്തോടനുബന്ധിച്ച് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 302/2000-ലെ പ്രതികൾ ഷാജി, കണ്ണൻ, ശ്രീകുമാർ, വിനോദ്, മാമച്ചൻ എന്നുവിളിക്കുന്ന ജോസഫ്, ഡെന്നീസ്, രാജേഷ്, സോണമാവേ, ബെന്നി എന്നിവരാണ്.

(ബി) എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് റിമാന്റ് റിപ്പോർട്ട് സഹിതം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

(സി,ഡി,ഇ) സഹായധനം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഹർജിയിന്മേൽ ആലപ്പുഴ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly